നിങ്ങൾക്കു പാപത്തെ എങ്ങനെ അതിജീവിക്കാം?
-----------------------------------------------------------------------------------------------

ഒരു ചെറിയ ലഘുലേഖയ്ക്ക് പരിഭ്രമജനകമായ ഒരു തലക്കെട്ടാണ് ഇതെങ്കിലും തികച്ചും ഹൃദയസ്പർശിയാണ്. കാരണം, ആർക്കും പാപത്തെ ജയിക്കുവാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല. അങ്ങനെയെങ്കിൽ പാപത്തിന്റെ മേൽ ജയം വരിക്കാമെന്നു നമുക്കെങ്ങനെ ഊന്നിപ്പറയാൻ സാധിക്കും?

നാം എല്ലാവരും പാപം ചെയ്തിട്ടുണ്ട്. എന്നാൽ ക്രിസ്തു തന്റെ അനുനായികളായ നമ്മെ നീതീകരിച്ചു തന്റെ രക്തത്താൽ ശുദ്ധീകരിച്ചു. അവനിൽ വിശ്വസിക്കുന്ന ഏവനും പാപമോചനം ലഭിക്കുന്നു, പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചനം പ്രാപിക്കുന്നു. അതേ വിശ്വാസത്താൽ ദൈവം തന്റെ ആത്മാവിനാൽ നമ്മെ വീണ്ടും ജനിപ്പിച്ചു തന്ടെ മക്കളായി ദത്തെടുത്തു. അതുകൊണ്ട് അവന്റെ ശക്തിയാൽ വിശുദ്ധിയും വെടിപ്പുമുള്ളവരായി നമ്മുടെ കർത്താവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം ജീവിക്കാൻ നമുക്കു സാധിക്കും.

ഋജുവും ഇടുങ്ങിയതുമായ ഈ പന്ഥാവിലൂടെ പ്രയാണം ചെയ്യുവാനാവശ്യമായ ചില മാർഗ്ഗനിർദേശങ്ങൾ ഞങ്ങൾ നിങ്ങൾക്കു നൽകട്ടെ. അതു പിൻതുടർന്നാൽ രക്ഷയുടെയും മഹത്വത്തിന്റെയും കിരീടം നഷ്ടപ്പെടാതിരിക്കാനും ദൈവത്തോടു കൂടുതൽ അടുത്തു കഴിയാനും നമ്മെ സഹായിക്കും.

1. നമ്മിൽ വസിക്കുന്ന ജീവന്റെ വചനമായ ക്രിസ്തുവുമായി സദാ ആത്മീയ കൂട്ടായ്മയിൽ നടക്കുക

അവൻ പറഞ്ഞു: "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി ഫലം കായ്പ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയില്ല" (യോഹ. 15:4). പൗലോസ് എഫെസോസിലെ വിശ്വാസികൾക്കായി ഇങ്ങനെ പ്രാർത്ഥിച്ചു; "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകല വിശുദ്ധരോടും കൂടെഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്റാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം" (എഫെസ്യർ 3:16-19). ക്രിസ്തുവാകുന്ന മുന്തിരിവള്ളിയുടെ കൊമ്പുകളായിരിക്കുന്നതിനുവേണ്ടി പ്റാർത്ഥിച്ചു.ക്രിസ്തുവുമായിട്ടുള്ള നിരന്തര സാമീപ്യത്തിലും കൂട്ടായ്മയിലുമായിരുന്ന പൗലോസിനു ഇപ്രകാരം പറയാൻ സാധിച്ചു: "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തു അത്രേ  എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാത്യർ 2:20).

2. ബൈബിൾ പഠിക്കുക

കർത്താവായ യേശുക്രിസ്തു പറഞ്ഞു:
"മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടിവരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" (മത്തായി 4:4). സങ്കീർത്തനം 19:8-11 വരെയുള്ള വാക്യങ്ങൾ നോക്കുക: "യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായത്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു. യഹോവാഭക്തി നിർമ്മലമായത്; അത് എന്നേക്കും നിലനിൽക്കുന്നു. യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു. അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ … അടിയനും അതിനാൽ പ്രബോധനം ലഭിക്കുന്നു. അവയെ പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലമുണ്ട്."

3. നിരന്തരമായി പ്രാർത്ഥിക്കുക

സാത്താൻ ഗോതമ്പുപോലെ ശിഷ്യന്മാരെ പാറ്റിക്കളയാൻ ഭാവിച്ചപ്പോൾ യേശു അവരോടു പരീക്ഷയിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു (മത്തായി 26:41). എന്തെന്നാൽ നാം മോഹത്തിലേക്കു നയിക്കപ്പെട്ടാൽ മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കും. അതിനാൽ നാം ആത്മാർത്ഥമായി ദൈവത്തോടു പരീക്ഷയിലേക്കയ കടക്കാതെ ദുഷ്ടങ്കൽ നിന്നു രക്ഷിക്കേണ്ടതിനു പ്രാർത്ഥിക്കണം.

4. നിന്റെ പാപത്തെക്കുറിച്ചയ അനുതപിക്കുക

വിശുദ്ധ ബേസിൽ എഴുതി: "പാപം ചെയ്യാതിരിക്കുന്നത് നല്ലത്. നീ പാപം ചെയ്താൽ അനുതപിക്കാൻ താമസിക്കരുത്; നീ അനുതപിക്കുന്നെങ്കിൽ വീണ്ടും ആ പാപത്തിൽ വീഴാതിരിക്കുവാൻ സൂക്ഷിക്കുക. അങ്ങനെ ചെയ്യുവാൻ സാധിക്കുന്നതു ദൈവിക സഹായത്താലാണെന്നു മനസ്സിലാക്കുന്നതു നന്ന്. അതു മനസ്സിലാക്കിയാൽ തന്റെ കൃപയ്ക്കായി ദൈവത്തിനു നന്ദി പറയുന്നതു നല്ലത്. നിരന്തരം അവന്റെ സഹായത്തിനായി അപേക്ഷിക്കുക."

5. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടതായി അംഗീകരിച്ച അതു പ്രകാരം ജീവിക്കുക

പൗലോസ് എഴുതി: "മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെസ്യർ 4:22-24).

6. ക്രിസ്തുവിന്റെ സ്നേഹത്തിൽ അഭയം പ്രാപിക്കുക

നമ്മുടെ പാപം അപൂർണ്ണരാക്കി. എന്നാൽ ക്രിസ്തുവിന്റെ മരണം സ്നേഹവും നമ്മുടെ പാപങ്ങളെ തുടച്ചുകളഞ്ഞു നമ്മുടെ ബലഹീനതകൾക്കും ന്യൂനതകൾക്കും തുണ നിൽക്കുന്നു.

7. മറ്റു വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുക

ഇതാണ് ക്രിസ്തീയ ജീവിതത്തിൽ വളരുന്നതിനും ഉയരുന്നതിനുമുള്ള ഏറ്റവും നല്ല വഴികളിൽ ഒന്ന്. "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ടു സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കാൻ അന്യോന്യം സൂക്ഷിച്ചുകൊൾക" (എബ്രായർ 10:24, 25).

പ്രിയ സനേഹിതാ, റവ: ഇസ്കന്തർ ജദീദ് എഴുതിയ "രക്ഷ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം?" എന്നുള്ള ലഘു പുസ്തകത്തിന്റെ രത്നച്ചുരുക്കമാണ് ഇത്. പാപത്തിന്മേൽ ജയം പ്രാപിക്കണമെന്നും ഈ പ്രധാന വിഷയത്തെപറ്റി കൂടുതൽ

പഠിക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾക്ക് എഴുതുക. ദയവുചെയ്ത് നിങ്ങളുടെ വിലാസം വ്യക്തമായും പൂർണ്ണമായും എഴുതുക. ഞങ്ങൾ ഈ ലഘുപുസ്തകം സൗജന്യമായി നിങ്ങൾക്ക് അയച്ചുതരുന്നതാണ്. കൂടാതെ എല്ലാ കൂട്ടുകാർക്കും നിങ്ങൾ അഡ്രസ് കൊടുക്കുക. ഫ്രീ ബുക്ക് അവർക്കും അയച്ചുകൊടുക്കാം.